പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2761 12.03.2018 ൽ മറുപടിയ്ക്ക്

**ഭൂരഹിതർക്ക് ഭൂമി നൽകുവാൻ നടപടി**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ ഭൂരഹിതരായ ആളുകൾക്ക് ഭൂമി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) ഉണ്ട് |
| (ബി) | എങ്കിൽ ഇങ്ങനെ നൽകുന്നതിനാവശ്യമായ ഭൂമി ഇപ്പോൾ സർക്കാരിന്റെ കൈവശമുണ്ടോയെന്ന് അറിയിക്കുമോ; | (ബി) യും (സി) യും, സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിത പാർപ്പിട രഹിത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുന്ന പ്രവർത്തനം നടക്കുന്നുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലിസ്റ്റിൽ അവശേഷിക്കുന്നതിൽ അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നിലവിൽ 270 ഹെക്ടർ ഭൂമി ലഭ്യമാണെന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഭൂമി ഏതു വിധത്തിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | |
| (ഡി) | സംസ്ഥാനത്തെ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമിയുടെ വിസ്തൃതി കണ്ടെത്താൻ സർക്കാർ അവലംബിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങളെന്തൊക്കെയാണ്? | (ഡി) റീസർവ്വേ നാളിതുവരെ പൂർത്തിയാക്കാത്ത വില്ലേജുകളിൽ അടിയന്തിരമായി റീസർവ്വേ നടപടികൾ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. റീസർവ്വേ പൂർത്തിയായ വില്ലേജുകളെ സംബന്ധിച്ച വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമിയുടെ വിസ്തൃതി ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ